സംവാദം

മുഹമ്മദ് കാടേരി

## മഴവിൽലോകത്തെ ഇസ്‌ലാം

# ബഹുസ്വരതയും പ്രവാചകന്റെ മദീനാ കരാറും

**'മഴവിൽലോകത്തെ** ഇസ്‌ലാം'എന്ന ചർച്ചയിൽ (ലക്കം 5) കടന്നുവന്ന പല അബദ്ധങ്ങളും തുറന്നു കാണിക്കാനും തിരുത്താനും അബ്ദുല്ലത്വീഫ് കൊടുവള്ളിക്ക് (ബഹുസ്വരതയും അല്ലാഹുവിന്റെ ഇഛയും, ലക്കം 13) സാധിച്ചിട്ടുണ്ട്. തിരുത്തപ്പെടേണ്ട അബദ്ധങ്ങൾ ഇനിയും അവശേഷിക്കുന്നുവെന്ന് കണ്ടതിനാലാണ് ഈ കുറിപ്പ്. നബി(സ)യുടെ മദീനാ കരാറിനെ പരാമർശിച്ച് സി. ദാവൂദ് പറയുന്നു: "ക്രിസ്ത്യാനികളും ബഹുദൈവ വിശ്വാസികളും ജൂതന്മാരും മുസ്‌ലിംകളും ഉൾക്കൊള്ളുന്ന മദീനാ സമൂഹത്തെ പ്രതിനിധീകരിച്ചുകൊണ്ട് ഉമ്മത്ത് എന്ന വാക്ക് പ്രയോഗിക്കുന്നു." സമാനമായ ഒരു പരാമർശം ജൂലൈ 28 -ലെ *ചന്ദ്രിക* ദിനപത്രത്തിൽ കെ.എം ഷാജി എഴുതിയ ലേഖനത്തിലുമുണ്ട്. "കർമശാസ്ത്രപരമായി ഒരു മുസ്‌ലിമിന് എങ്ങനെ ബഹുസ്വര സമൂഹത്തിൽ ജീവിക്കാം എന്നതിന്റെ ഉത്തമ നിദർശനമായിരുന്നു മദീനാ കരാർ. ജൂതരും ക്രിസ്ത്യാനികളും ഭൂരിപക്ഷവും മുസ്‌ലിംകൾ ന്യൂനപക്ഷവുമായ മദീനയിൽ വെച്ചാണ് പ്രവാചകൻ മദീനാ കരാർ ഉണ്ടാക്കുന്നത്" (ഉദ്ധരണം:ചോദ്യോത്തരം- *പ്രബോധനം*, സെപ്റ്റംബർ 5). മദീനാ നിവാസികളിൽ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നുവെന്നും നബി(സ)യുടെ മദീനാ കരാറിൽ അവരെ പരാമർശിച്ചിട്ടുണ്ടെന്നുമുള്ള പുതിയൊരു അറിവാണ് ഇരുവരും ചരിത്ര വിദ്യാർഥികൾക്ക് നൽകുന്നത്. കെ.എം ഷാജി മദീനാ കരാർ ക്രിസ്ത്യാനികൾക്കു കൂടി ബാധകമാക്കിയപ്പോൾ, ബഹുസ്വരതയുടെ ബാഹുല്യം സൂചിപ്പിക്കാനാവണം സി. ദാവൂദ് ക്രിസ്ത്യാനികൾക്കു പുറമെ ബഹുദൈവ വിശ്വാസികളെയും അതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ വിഷയത്തിൽ ഇരുവരുടെയും അവലംബം എന്തെന്നറിയാൻ താൽപര്യമുണ്ട്. മദീനയിൽ നബി(സ)യുടെ കാലത്തോ അതിനു മുമ്പോ ശേഷമോ ക്രിസ്ത്യാനികൾ താമസിച്ചിട്ടില്ലെന്നതാണ് വസ്തുത. നബി(സ)യുടെ മദീനാ കരാറിൽ ക്രിസ്ത്യാനികളെക്കുറിച്ച പരാമർശവുമില്ല. ബഹുദൈവ വിശ്വാസികളെക്കുറിച്ചുമില്ല പരാമർശം. മുസ്‌ലിംകൾക്കു പുറമെ ജൂതന്മാർ മാത്രമേ കരാറിൽ ഉൾപ്പെടുന്നുള്ളൂ.

**ദാറുൽ ഹർബ്, ദാറുൽ ഇസ്‌ലാം എന്നീ സംജ്ഞകൾ സംഘർഷ കാലത്ത് രൂപപ്പെട്ടതാണെന്നും ഇന്ന് ഈ പ്രയോഗങ്ങൾക്കുതന്നെ സാധ്യതയില്ലാത്ത അവസ്ഥയിലേക്ക് ലോകം മാറിയെന്നും ബ്ലാക്ക് ആന്റ് വൈറ്റ് അവസ്ഥ നീങ്ങിപ്പോയെന്നും ആശ്വാസം കൊള്ളുന്ന ലേഖകൻ ഇസ്‌ലാമിന്/ മുസ്‌ലിംകൾക്ക് എതിരെ ഇന്നും തുടരുന്ന 'ഹർബി'നു നേരെ കണ്ണടക്കുകയാണ്.**

"മുസ്‌ലിംകളും അവരല്ലാത്തവരും ഉൾക്കൊള്ളുന്ന മദീനാ സമൂഹത്തെ പ്രതിനിധീകരിച്ചുകൊണ്ട് ഉമ്മത്ത് എന്ന വാക്ക് പ്രയോഗിച്ചു" എന്ന പ്രസ്താവന മറ്റൊരബദ്ധമാണ്. തന്റെ ബഹുസ്വര സങ്കൽപത്തിനനുസൃതമായി മദീനാ കരാറിനെ രൂപകൽപന ചെയ്ത് അവതരിപ്പിക്കുകയാണ് സി. ദാവൂദ് ചെയ്തിട്ടുള്ളതെന്ന് തോന്നുന്നു. ഇബ്നു ഹിശാമിന്റെ നിവേദനമനുസരിച്ച് കരാറിലെ ആദ്യവാചകം തന്നെ ഇപ്രകാരമാണ്: *അൽ മുസ്‌ലിമൂന ഉമ്മത്തുൻ വാഹിദത്തുൻ മിൻദൂനിന്നാസ്* (മുസ്‌ലിംകൾ ഒറ്റ വിഭാഗമാണ്. മറ്റു ജനങ്ങൾ അതിൽപെടുകയില്ല- *അസ്സീറത്തുന്നബവിയ്യ*, പേജ് 147). കരാറിൽ ജൂതന്മാരെ പരാമർശിക്കുന്ന ഭാഗം തുടങ്ങുന്നത് ഇങ്ങനെ: *ഇന്ന യഹൂദ ബനീ ഔഫിൻ ഉമ്മത്തുൻ മഅൽ മുഅ്മിനീൻ, ലിൽ യഹൂദി ദീനുഹും*

*വലിൽ മുസ്‌ലിമീന ദീനുഹും മവാലീഹിം വ അൻഫുസുഹും* (വിശ്വാസികളോടൊപ്പം ജീവിക്കുന്ന ഒരു വിഭാഗമാണ് ഔഫ് വംശത്തിലെ ജൂതന്മാർ. ജൂതന്മാർക്ക് അവരുടെ മതമുണ്ട്, മുസ്‌ലിംകൾക്ക് അവരുടേതും. ഓരോ വിഭാഗത്തിനും അവരുടെ ജനതയും ആൾക്കാരുമുണ്ട്- *അസ്സീറത്തുന്നബവിയ്യ*, പേജ് 149). തുടർന്ന് ഇതര വംശജരായ ജൂതന്മാരെയും ഈവിധം പരാമർശിച്ചിരിക്കുന്നു. ജൂതന്മാരെയും മുസ്‌ലിംകളെയും ഒറ്റ ഉമ്മത്തായല്ല, വെവ്വേറെ ഉമ്മത്തുകളായാണ് കരാറിൽ പരാമർശിക്കുന്നതെന്ന് ഇതിൽനിന്ന് വ്യക്തമാണല്ലോ. മദീനാ കരാറിന്റെ പൂർണരൂപം ഐ.പി.എച്ച് പ്രസിദ്ധീകരിച്ച ഹൈക്കലിന്റെ *മുഹമ്മദ്* എന്ന ഗ്രന്ഥത്തിലുണ്ട്.

"പ്രവാചകന്റെ നേതൃത്വത്തിൽ രൂപംകൊണ്ട മദീനാ രാഷ്ട്രം മുസ്‌ലിംകൾ വളരെ ന്യൂനപക്ഷമായ ഒരു സമൂഹമായിരുന്നു" എന്ന നിരീക്ഷണത്തിൽ അത്യുക്തിയുണ്ടെന്ന് തോന്നുന്നു. മദീനയിലെ അന്നത്തെ ജനസംഖ്യയും ഓരോ വിഭാഗത്തിന്റെയും എണ്ണവും സംബന്ധിച്ച റിപ്പോർട്ടുകളൊന്നും ചരിത്ര ഗ്രന്ഥങ്ങളിൽ കാണാൻ കഴിഞ്ഞിട്ടില്ല. നിവേദനങ്ങളിൽനിന്ന് ഗ്രഹിക്കാനാകുന്നത്, മുസ്‌ലിംകൾ ന്യൂനപക്ഷമായിരുന്നില്ലെന്നാണ്. താരതമ്യേന എണ്ണത്തിൽ കുറവായിരുന്നുവെന്ന് സങ്കൽപിച്ചാൽതന്നെ മദീനയിലെ പ്രബല വിഭാഗം മുസ്‌ലിംകൾതന്നെയായിരുന്നുവെന്ന് ഗ്രഹിക്കാനാണ് ന്യായം. നബിയുടെ ഹിജ്റക്കു മുമ്പുതന്നെ യസ്‌രിബി(മദീന)ൽ ഇസ്‌ലാം നേടിയ പ്രചാരത്തെക്കുറിച്ച് ഹൈക്കൽ എഴുതുന്നത് കാണുക:

"പ്രവാചകന്റെ പലായനത്തിനു മുമ്പുതന്നെ യസ്‌രിബിൽ ഇസ്‌ലാം നേടിയിരുന്ന പ്രചാരവും മുസ്‌ലിംകൾ ആർജിച്ചിരുന്ന കരുത്തും മക്കാ മുസ്‌ലിംകൾക്ക് സ്വപ്നം കാണാൻ കഴിഞ്ഞിരുന്നില്ല. യസ്‌രിബിലെ ചില യുവാക്കൾ തദ്ദേശീയരായ ബിംബാരാധകരുടെ വിഗ്രഹങ്ങളെക്കൊണ്ട് കളിക്കാൻ ധൈര്യപ്പെടുന്ന ഒരവസ്ഥ പോലും അവിടെ സംജാതമായി. അംറ് ഇബ്നു ജമൂഹ് എന്ന ആൾക്ക് മരത്തടിയിൽ നിർമിതമായ ഒരു പ്രതിമയുണ്ടായിരുന്നു- മനാത്ത്. ബനൂ സലമ ഗോത്ര നേതാവും ഒരു പ്രമുഖ കുടുംബത്തിലെ അംഗവുമായിരുന്ന അംറ് മറ്റു പ്രമുഖർ ചെയ്തിരുന്ന പോലെ മനാത്തിനെ സ്വഭവനത്തിൽ പ്രതിഷ്ഠിച്ചിരിക്കുകയായിരുന്നു. ഗോത്രത്തിലെ ചില യുവാക്കൾ ഇസ്‌ലാം സ്വീകരിച്ചു. അവർ

**ഹർബിന്റെ പ്രഭവ കേന്ദ്രങ്ങളെ തിരിച്ചറിഞ്ഞ് ദാറുൽ ഹർബായി പ്രഖ്യാപിക്കാനും അതിനെതിരെ ദാറുൽ ഇസ്‌ലാം പുനഃസ്ഥാപിച്ച് പോരാടാനും മുസ്‌ലിംകൾക്ക് ആർജവമില്ലാതെ പോയതാണ് പ്രശ്നം. ഈ നിസ്സഹായാവസ്ഥയിൽ, പരാജിത ഭാവത്തിലും ക്ഷമാപണ സ്വരത്തിലും അവർ കൈക്കൊള്ളുന്ന നയനിലപാടുകൾ തന്നെയാണ് പ്രവാചകനും ശിഷ്യന്മാരും അനുവർത്തിച്ചതെന്ന് വരുത്തിത്തീർക്കാനുള്ള വേല നബിചര്യയോടും ഇസ്‌ലാമിക ചരിത്രത്തോടും ചെയ്യുന്ന അക്രമമാണ്.**

രാത്രി ഈ പ്രതിമ എടുത്തുകൊണ്ടുപോയി മലവിസർജനം നടത്തപ്പെട്ടിരുന്ന ഒരു കുഴിയിൽ തലകുത്തി നിർത്തും. പുലർച്ചക്ക് അംറ് അതെടുത്ത് വൃത്തിയാക്കി പുനഃപ്രതിഷ്ഠിക്കും. രോഷാകുലനായി ശപിച്ചും ഭീഷണിപ്പെടുത്തിയും അയാൾ നടക്കും. പക്ഷേ, യുവാക്കൾ നിത്യവും ഈ കളി തുടർന്നു. സഹിക്കവയ്യാതായപ്പോൾ അംറ് സ്വന്തം വാൾ പ്രതിമയിൽ ബന്ധിച്ച് അതിനോട് പറഞ്ഞു. 'നിനക്ക് വല്ല കഴിവുമുണ്ടെങ്കിൽ തടഞ്ഞുകൊള്ളുക, വാളിതാ നിന്നോടൊപ്പം. അടുത്ത പ്രഭാതത്തിൽ മനാത്തിനെ കണ്ടെത്തിയത് കിണറ്റിലായിരുന്നു- ഒരു നായയുടെ ശവത്തിനരികെ! വാൾ അതിനൊപ്പമുണ്ടായിരുന്നുമില്ല! പിന്നീട് ഗോത്രത്തിലെ ചിലർ അംറുമായി നടത്തിയ സംഭാഷണത്തെത്തുടർന്ന് അയാൾ ഇസ്‌ലാം ആശ്ലേഷിച്ചു. മനുഷ്യന്റെ പദവിക്കു നിരക്കാത്ത ഒരു പതനത്തിൽ അവനെ കൊണ്ടെത്തിക്കുന്ന വിഗ്രഹാരാധനയുടെ അർഥശൂന്യത സ്വന്തം കണ്ണുകൾ കൊണ്ട് കണ്ടശേഷം! ഹിജ്റക്ക് മുമ്പുതന്നെ യസ്‌രിബിൽ ഇസ്‌ലാം ആർജിച്ചിരുന്ന ശക്തിയിലേക്കാണ് ഈ സംഭവം വിരൽചൂണ്ടുന്നത്" (*മുഹമ്മദ്*, പേജ് 247).

"സമൂഹത്തെ ബഹുസ്വരമാക്കുകയും എന്നിട്ടതിന് ചലനാത്മക നേതൃത്വം നൽകുകയും പുതിയ കാലങ്ങളിലേക്കും പുതിയ ആശയങ്ങളിലേക്കും പുരോഗതിയിലേക്കും നയിക്കുക എന്ന ധർമമാണ് യഥാർഥത്തിൽ ഇസ്‌ലാം നിർവഹിച്ചത്" എന്ന് അഭിപ്രായപ്പെട്ട ദാവൂദ് തുടർന്ന് പറയുന്നു: "ഇസ്‌ലാമിന്റെ ചരിത്രം പരിശോധിച്ചാൽ ഈ പാറ്റേൺ തുടർന്നുവന്നതായി കാണാൻ സാധിക്കും." എന്നാൽ മദീനയിലും തുടർന്ന് അറേബ്യയിൽ മൊത്തമായും ഈ പാറ്റേൺ ക്രമേണ നിഷ്ക്രമിച്ചതായാണ് ചരിത്രം. മദീനയിലെ ബഹുസ്വര സമൂഹത്തെ തന്റെ വരുതിയിലൊതുക്കി നിയന്ത്രിക്കുകയും ബഹുസ്വരതയെ ലഘൂകരിക്കുകയുമാണ് നബി(സ) ആദ്യം ചെയ്തത്. കരാറിലെ താഴെ വാചകമാണ് ഇതിന് തെളിവ്: "ഈ കരാർ അംഗീകരിക്കുന്നവർക്കിടയിൽ അതിന്റെ ലംഘനം ഭയപ്പെടാവുന്ന വല്ല തർക്കമോ ഭിന്നതയോ ഉണ്ടാകുന്ന പക്ഷം അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കുമാണ് അത് മടക്കപ്പെടേണ്ടത്. ഈ കരാർ ഉൾക്കൊള്ളുന്ന നന്മയുടെയും സൂക്ഷ്മതയുടെയും സംരക്ഷകൻ അല്ലാഹുവാണ്" (*മുഹമ്മദ്*, പേജ് 258). 'ഇസ്‌ലാം സ്ഥാപിച്ച ആദ്യത്തെ രാഷ്ട്രീയ പ്രതിനിധാനം അങ്ങേയറ്റം ബഹുസ്വരമാണെ'ന്നല്ല, മറിച്ച് ദൈവിക പരമാധികാരത്തിൽ അധിഷ്ഠിതമായിരുന്നുവെന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഇസ്‌ലാമിക രാഷ്ട്രമീമാംസയുടെ വിശദാംശങ്ങളൊന്നും അന്ന് അവതീർണമായിരുന്നില്ലെങ്കിലും പിന്നീട് ഓരോ നിയമവും അവതരിക്കുന്ന മുറക്ക് അത് പ്രയോഗവത്കരിക്കാൻ സാധിക്കുന്ന വിധം ഇസ്‌ലാമിന്റെ പരമാധികാരം ഉറപ്പിച്ചുകൊണ്ടുള്ള കരാറാണ് നബി(സ) പ്രഖ്യാപിച്ചത്. അനന്തരം ബഹുസ്വരതക്ക് അന്ത്യംകുറിക്കുകയും ഏകസ്വര സമൂഹമാക്കി മദീനയെ പരിവർത്തിപ്പിക്കുകയും ചെയ്തു. കരാർ ലംഘനം നടത്തുകയും വഞ്ചനാത്മക നടപടികളിലൂടെ പ്രവാചകനെയും മുസ്‌ലിംകളെയും എതിരിടാൻ ശ്രമിക്കുകയും ചെയ്ത ജൂതന്മാർ ഏതാനും വർഷങ്ങൾക്കകം മദീനയിൽനിന്ന് ബഹിഷ്കൃതരായി. മദീനാ നഗരിക്കകത്ത് താമസിച്ചിരുന്ന ഏക ജൂത ഗോത്രമായ ബനൂ ഖൈനുഖാഇന് ഹിജ്റ രണ്ടാം വർഷം ബദ്ർ യുദ്ധാനന്തരം മദീന വിടേണ്ടിവന്നു. മദീനയുടെ പ്രാന്തങ്ങളിൽ അധിവസിച്ചിരുന്ന ബനുന്നദീർ, ബനൂ ഖുറൈള ഗോത്രങ്ങൾ യഥാക്രമം ഹിജ്റ നാല്, അഞ്ച് വർഷങ്ങളിൽ തുടച്ചുനീക്കപ്പെട്ടു.

ഇസ്‌ലാമിക രാഷ്ട്രം ഒരുതരത്തിലുള്ള ബഹുസ്വരതയും വെച്ചു പൊറുപ്പിക്കില്ലെന്ന് ഇതിനർഥമില്ല. ഇസ്‌ലാമിന്റെ തണലിൽ അതിന്റെ പരമാധികാരം അംഗീകരിക്കുന്ന ബഹുസ്വര സമൂഹങ്ങളെ അത് സ്വാഗതം ചെയ്യുകയും സംരക്ഷി

ക്കുകയും ചെയ്യുന്നു. അറേബ്യൻ അർധ ദ്വീപിനു പുറത്ത്, ഇസ്‌ലാമിക സാമ്രാജ്യത്വത്തിനു കീഴിൽ ജീവിച്ചിരുന്ന ബഹുസ്വര സമൂഹങ്ങൾ ഇതിനുദാഹരണമാണ്. പ്രവാചകന്റെ ഉപര്യുക്ത പ്രസ്താവന അറേബ്യക്കു മാത്രം ബാധകമായിരുന്നു. എന്നാൽ ആധുനിക ലോകത്തെ ബഹുസ്വരതയും അതും തമ്മിൽ താരതമ്യമില്ല. ഇസ്‌ലാമിക രാഷ്ട്രത്തിലെ ബഹുസ്വരത ചൂണ്ടിക്കാണിച്ച് ആധുനിക ബഹുസ്വരതയെ ന്യായീകരിക്കാനുള്ള ശ്രമം വീണത് വിദ്യയാക്കുന്നതിന് തുല്യമാണ്.

ദാറുൽ ഹർബ്, ദാറുൽ ഇസ്‌ലാം എന്നീ സംജ്ഞകൾ സംഘർഷകാലത്ത് രൂപപ്പെട്ടതാണെന്നും ഇന്ന് ഈ പ്രയോഗങ്ങൾക്കുതന്നെ സാധ്യതയില്ലാത്ത അവസ്ഥയിലേക്ക് ലോകം മാറിയെന്നും ബ്ലാക്ക് ആന്റ് വൈറ്റ് അവസ്ഥ നീങ്ങിപ്പോയെന്നും ആശ്വാസം കൊള്ളുന്ന ലേഖകൻ ഇസ്‌ലാമിന്/ മുസ്‌ലിംകൾക്ക് എതിരെ ഇന്നും തുടരുന്ന 'ഹർബി'നു നേരെ കണ്ണടക്കുകയാണ്. സാങ്കേതികാർഥത്തിലുള്ള ദാറുൽ ഇസ്‌ലാമും ദാറുൽ ഹർബും നിലവിലില്ലെങ്കിലും ഇസ്‌ലാമും (വൈറ്റ്) അതിനെതിരിലുള്ള ഹർബും (ബ്ലാക്ക്) ഇന്നും നിലനിൽക്കുന്നു. ഈ ഹർബിന്റെ പ്രഭവ കേന്ദ്രങ്ങളെ തിരിച്ചറിഞ്ഞ് ദാറുൽ ഹർബായി പ്രഖ്യാപിക്കാനും അതിനെതിരെ ദാറുൽ ഇസ്‌ലാം പുനഃസ്ഥാപിച്ച് പോരാടാനും മുസ്‌ലിംകൾക്ക് ആർജവമില്ലാതെ പോയതാണ് പ്രശ്നം. ഈ നിസ്സഹായാവസ്ഥയിൽ, പരാജിത ഭാവത്തിലും ക്ഷമാപണ സ്വരത്തിലും അവർ കൈക്കൊള്ളുന്ന നയനിലപാടുകൾ തന്നെയാണ് പ്രവാചകനും ശിഷ്യന്മാരും അനുവർത്തിച്ചതെന്ന് വരുത്തിത്തീർക്കാനുള്ള വേല നബിചര്യയോടും ഇസ്‌ലാമിക ചരിത്രത്തോടും ചെയ്യുന്ന അക്രമമാണ്. ■

---

# പോസ്റ്റ് മാർക്സിസംകാലത്തെ ഇസ്‌ലാമിന്റെ പ്രതിനിധാനം

**സമദ് കുന്നക്കാവ്**

**സാംസ്കാരിക** ബഹുത്വം, മിശ്രഭാഷക ലോകം, മഴവിൽ സമൂഹം എന്നിങ്ങനെ വ്യവഹരിക്കപ്പെടുന്ന സംജ്ഞകൾ സി. ദാവൂദ് നിരീക്ഷിക്കുന്നതുപോലെ ഇന്നിന്റെ സാമൂഹിക യാഥാർഥ്യങ്ങളാണ്. അർഥപൂർണമായ ഈ പ്രയോഗങ്ങളെ ആധുനികാനന്തര ഇസ്‌ലാമിന്റെ സൈദ്ധാന്തിക സമീക്ഷ എന്ന നിലയിൽ അവതരിപ്പിക്കുമ്പോൾ ഉപര്യുക്ത പ്രയോഗങ്ങളെ രൂപപ്പെടുത്തിയ രാഷ്ട്രീയ സാമൂഹിക പശ്ചാത്തലം കൂടി വിശകലനത്തിന് വിധേയമാക്കേണ്ടതുണ്ട്. ഇത്തരം പ്രയോഗങ്ങളുടെ സമകാലീന ആവിഷ്കാര സംരംഭങ്ങളെയും അതിന്റെ നിയന്താക്കളെയും കുറിച്ചുള്ള സാമാന്യ ധാരണയും നാം രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്.

ആധുനികതയുടെ പുരോഗതി സങ്കൽപം ജന്മം നൽകിയ ഗുരുതരമായ പ്രതിസന്ധികളോട് കലഹം പ്രഖ്യാപിച്ചുകൊണ്ടാണ് ഉത്തരാധുനികത നിലനിൽക്കുന്നത്. ആധുനികത സൃഷ്ടിച്ച സ്വയംപര്യാപ്ത വ്യക്തിയെ അപനിർമിച്ചുകൊണ്ടാണ് ഈ പ്രശ്നവത്കരണം ഇവിടെ സാധ്യമാവുന്നത്. ആധുനികതയുടെ ഭൗതികാസ്പദമെന്ന നിലക്ക് അധിനിവേശത്തിനുള്ള നിർണായക പങ്കിനെ പരിഗണിച്ചുകൊണ്ട് മുതലാളിത്ത ആധു

**ആധുനികമല്ലാത്തതും മതേതരത്വത്തിന്റെ ഓരം ചാരി നിൽക്കാത്തതുമായ മുഴുവൻ സാമൂഹിക, രാഷ്ട്രീയ വ്യവഹാരങ്ങളും അത്യന്തം പ്രതിലോമപരമെന്നുള്ള ആധുനികതയുടെ ആഭിജാത്യങ്ങളാണ് ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെയും നമ്മുടെ പൊതുബോധത്തിന്റെയും സംവാദങ്ങൾക്ക് വിഘ്നം സൃഷ്ടിക്കുന്നത്. ആധുനിക മതേതരത്വ പ്രഭൃതികളുടെ സാംസ്കാരിക മേൽക്കോയ്മയിൽ പ്രജ്ഞാശേഷി നഷ്ടപ്പെട്ട പൊതുബോധത്തിന് മഴവിൽ ലോകം, ഇസ്‌ലാമിന്റെ പ്രതിനിധാനം എന്നെല്ലാം കേൾക്കുമ്പോൾ അശ്ലീലമായി മാത്രമേ ഉൾക്കൊള്ളാനാവുകയുള്ളൂ.**

നികതയെന്ന പേരിലും അത് വ്യവഹരിക്കപ്പെടുന്നു. മുതലാളിത്ത വിമർശത്തെ ആധുനികതാ വിമർശത്തിന്റെ വിപുലമായ ചട്ടക്കൂടിനുള്ളിൽ സ്ഥാനപ്പെടുത്തിക്കൊണ്ടും ഒപ്പംതന്നെ അധിനിവേശം പടിഞ്ഞാറൻ മുതലാളിത്തത്തിന്റെ സ്വരൂപ നിർണയത്തിൽ വഹിച്ച അടിസ്ഥാനപരമായ പങ്കിനെ പരിഗണിച്ചുകൊണ്ടുമുള്ള ഒരു വിമർശന പരിപ്രേക്ഷ്യവും ഉത്തരാധുനിക പഠനങ്ങളുടെ അടിപ്പടവായിത്തീർന്നിട്ടുണ്ട്. പുരുഷാധിപത്യപരവും വർണ-വംശ മേൽക്കോയ്മയിൽ അധിഷ്ഠിതവും പ്രകൃതി ചൂഷകവുമായ ഒന്നായി ആധുനികമായ കർതൃത്വം പടുത്തുയർത്തപ്പെട്ടതെങ്ങനെയെന്ന് വിവിധ നിലകളിൽ നോക്കിക്കാണുകയാണ് ഈ പഠനങ്ങൾ ചെയ്യുന്നത്. ഫൂക്കോൾഡിയൻ വ്യവഹാര പഠനം, അപനിർമാണം, വിവിധ ശാഖകളായി വികസിച്ച് വന്ന സ്ത്രീവാദ പഠനങ്ങൾ, പരിസ്ഥിതി പഠനം, പൗരസ്ത്യ വാദം, കോളനിയാനന്തര പഠനങ്ങൾ എന്നിങ്ങനെ ഒട്ടനവധി ധാരകൾ ഈ സമീപനത്തിലുൾപ്പെടുന്നുണ്ട്. സൈദ്ധാന്തികമായി ഒരൊറ്റ അടിത്തറയിൽ ഉറച്ചുനിൽക്കുന്നവയല്ലെങ്കിലും ആധുനികതാ വിമർശത്തിന്റേതായ ഒരു പൊതുബോധം ഇതെല്ലാം മുന്നോട്ടുവെക്കുന്നുണ്ട്. സ്വത്വ രാഷ്ട്രീയ വാദങ്ങളും നവ സാമൂഹിക പഠനങ്ങളും ഈ ഗവേഷണങ്ങളെ വ്യത്യസ്തമായി പരിപോഷിപ്പിക്കുന്നു. ഈ സാംസ്കാരിക ബഹുത്വങ്ങളുടെ ആധുനികോത്തരമായ പൊതുബോധത്തിലേക്കാണ് 'മഴവിൽ ലോകത്തെ ഇസ്‌ലാമിന്റെ പ്രതിനിധാനം'

എന്ന പരിപ്രേക്ഷ്യത്തോടെ ദാവൂദിനെ പോലുള്ളവർക്ക് ഇറങ്ങിച്ചെല്ലാനുള്ളത്. എന്നാൽ ശുഭോദർക്കമെന്ന് വിലയിരുത്താവുന്ന ഇത്തരം സഹവർത്തിത്വങ്ങൾക്ക് വെല്ലുവിളിയുയർത്തുന്ന മുഖ്യ വിഘാതം നമ്മുടെ സാമൂഹിക പൊതുബോധവും അതിനെ നിയന്ത്രിക്കുന്ന ആധുനിക മതേതര യാഥാസ്ഥിതികതയുമാണ്. ആധുനികമല്ലാത്തതും മതേതരത്വത്തിന്റെ ഓരം ചാരി നിൽക്കാത്തതുമായ മുഴുവൻ സാമൂഹിക, രാഷ്ട്രീയ വ്യവഹാരങ്ങളും അത്യന്തം പ്രതിലോമപരമെന്നുള്ള ആധുനികതയുടെ ആഭിജാത്യങ്ങളാണ് ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെയും നമ്മുടെ പൊതുബോധത്തിന്റെയും സംവാദങ്ങൾക്ക് വിഘ്നം സൃഷ്ടിക്കുന്നത്. ആധുനിക മതേതരത്വ പ്രഭൃതികളുടെ സാംസ്കാരിക മേൽക്കോയ്മയിൽ പ്രജ്ഞാശേഷി നഷ്ടപ്പെട്ട പൊതുബോധത്തിന് മഴവിൽ ലോകം, ഇസ്‌ലാമിന്റെ പ്രതിനിധാനം എന്നെല്ലാം കേൾക്കുമ്പോൾ അശ്ലീലമായി മാത്രമേ ഉൾക്കൊള്ളാനാവുകയുള്ളൂ. ആധുനികത അപരവത്കരിച്ച മുഴുവൻ കർതൃത്വങ്ങളുടെയും പേറ്റന്റ് സ്വന്തമാക്കിയിട്ടുള്ള തന്മാവാദികൾ പണിതെടുത്ത ഉത്തരാധുനിക വ്യവഹാരത്തിലും ഒരുപക്ഷേ സാംസ്കാരിക ഇസ്‌ലാമിന് ഇടമുണ്ടായേക്കാം. എന്നാൽ പൊളിറ്റിക്കൽ ഇസ്‌ലാമിന് മുഷ്ടി ചുരുട്ടാൻ ഇടമുണ്ടാവില്ല. വിഷയം അതിനോടടുക്കുമ്പോഴാകും കെ.ഇ.എൻ, പോക്കർ, ഗുലാബ് ജാൻമാരുടെ പോസ്റ്റ് മാർക്സിസത്തിന്റെ കഴുത്തിൽ ക്ലാസ്സിക്കൽ മാർക്സിസത്തിന്റെ വേതാളം ഇരിപ്പുറപ്പിക്കുക.

സമകാലികമായ ധാരകളെക്കുറിച്ചുള്ള ഈ ആഖ്യാനത്തിൽ 'പോസ്റ്റ് മാർക്സിസം' എന്ന സംജ്ഞ കൂടി വിശദീകരിക്കുന്നതിന് സാംഗത്യമുണ്ട്. സോഷ്യലിസ്റ്റ് ചിന്തയിലും പ്രയോഗത്തിലും ഉളവായ പ്രതിസന്ധികളുടെ പശ്ചാത്തലത്തിലാണ് പോസ്റ്റ് മാർക്സിസം പുതിയ ഒരു സൈദ്ധാന്തിക സമീക്ഷയും പ്രയോഗ സംഹിതയുമെന്ന നിലയിൽ രംഗത്തെത്തുന്നത്. മാർക്സിസത്തിന്റെ പ്രതിരോധ മൂല്യത്തെ പുതിയ ലോകാവസ്ഥയോട് ഇണക്കിച്ചേർത്ത് വിനിമയക്ഷമമാക്കാനുള്ള ശ്രമമായാണ് അത് കൊണ്ടാടപ്പെട്ടത്. ഒരേസമയം മാർക്സിസത്തെ മറികടക്കുന്നതും മാർക്സിസവുമായുള്ള തുടർച്ച നിലനിർത്തുന്നതുമായ സമീപനമാണ് തങ്ങളുടേതെന്ന് അവർ അവകാശപ്പെടുന്നുണ്ട്. ഘടനാവാദാനന്തര ചിന്തയുടെയും സ്ത്രീവാദത്തിന്റെയും ഉത്തരാധുനികതയുടെയും മറ്റും നിലപാടുകളിൽനിന്ന് മാർക്സിസത്തെ വിമർശിക്കാനോ നവീകരിക്കാനോ ഒക്കെ പലപ്പോഴായി നടന്ന ഉദ്യമങ്ങളാണ് ഇവരുടേത്. ക്ലാസിക്കൽ മാർക്സിസത്തിന്റെ സമഗ്രതയിൽ അധിഷ്ഠിതമായ സിദ്ധാന്തീകരണത്തിന് പകരം സമൂഹത്തിൽ നിലനിൽക്കുന്ന ഓരോ സവിശേഷ പ്രശ്നങ്ങളെയും അതിന്റെ സവിശേഷതയിൽ മനസ്സിലാക്കുകയും അതതിന്റേതായ പ്രവർത്തനക്രമങ്ങളിലേക്ക് തുറന്നുവിടുകയുമാണ് വേണ്ടതെന്ന് പോസ്റ്റ് മാർക്സിസം കരുതുന്നു. ഉപര്യുക്ത വീക്ഷണത്തിൽ സ്ത്രീ പ്രസ്ഥാനങ്ങൾ, വംശ-വർണവിരുദ്ധ സംഘടനകൾ, ലൈംഗിക-ദേശീയ ന്യൂനപക്ഷങ്ങൾ, പരിസ്ഥിതി സംഘടനകൾ, സമാധാന പ്രസ്ഥാനങ്ങൾ തുടങ്ങിയവയുടെയെല്ലാം നേതൃത്വത്തിൽ ഉയർന്നുവരുന്ന ചെറുതും വലുതുമായ എണ്ണമറ്റ പ്രക്ഷോഭങ്ങൾ സാമൂഹിക സംഘർഷങ്ങളുടെ കേന്ദ്രമായിത്തീർന്നിരിക്കുന്നു. ഇത്തരമൊരു കേന്ദ്രപദവി നവസാമൂഹിക പ്രസ്ഥാനങ്ങൾക്കും അവ നടത്തുന്ന പ്രക്ഷോഭങ്ങൾക്കും കൈവന്നതിന്റെ കാരണം പരമ്പരാഗതമായ രാഷ്ട്രീയത്തിന്റെ സ്ഥാനം കൈയാളാൻ സംസ്കാരത്തിന് കഴിഞ്ഞിരിക്കുന്നു എന്നതാണെന്ന് തെളിവായും അവർ ഉദ്ധരിക്കുന്നു. അതുകൊണ്ടുതന്നെ മൂലധനത്തിന്റെ ആധിപത്യത്തെ മാത്രം മുൻനിർത്തി ഇപ്പോൾ സാമൂഹികമായ അടിച്ചമർത്തലുകളെ വിശദീകരിക്കാൻ കഴിയില്ല. അതിനാൽ ബഹുസ്വരതയിൽ അധിഷ്ഠിതമായ പ്രതിരോധത്തിന് കൂടുതൽ കൂടുതൽ പ്രാമുഖ്യമുണ്ട്. സംസ്കാര വിമർശം രാഷ്ട്രീയ പ്രയോഗമായിത്തീരുന്ന ഇത്തരമൊരു സന്ദർഭത്തിൽ പുതിയ പ്രതിരോധ പ്രസ്ഥാനങ്ങളെ ഉൾക്കൊള്ളാൻ പോന്ന വിധത്തിൽ ബഹുമുഖത്വമുള്ള ഒരു മാർക്സിസ്റ്റ് പരിപ്രേക്ഷ്യം വികസിപ്പിക്കേണ്ടതിന്റെ ആവശ്യകത സംജാതമായിരിക്കുന്നു. ഇങ്ങനെ പന്തലിച്ച് പോകുന്നു ഈ വാദങ്ങൾ....

ആധുനികതയിൽ പൊട്ടിമുളച്ച ക്ലാസിക്കൽ മാർക്സിസത്തെയും അതിന്റെ വിമർശ സമീക്ഷ എന്ന നിലയിൽ ആധുനികോത്തരതയിൽ രൂപപ്പെട്ട പുതിയ പ്ലൂരലിസ്റ്റ് മാർക്സിസത്തെയും വിശദീകരിച്ചതിന്റെ പിന്നിൽ ഒരു സമകാലികത്വമുണ്ട്. ആ താരതമ്യ പഠനമാകട്ടെ ദാവൂദ് മുന്നോട്ടുവെച്ച മഴവിൽ ലോകത്തോട് സംവദിക്കുന്നതും ഇടയുന്നതുമാണ്. അഥവാ, പോസ്റ്റ് മാർക്സിസത്തെയും ഇസ്‌ലാമിന്റെ പുതുലോക പ്രതിനിധാനത്തെയും ചേർത്തിക്കെട്ടിക്കൊണ്ടുള്ള ആപേക്ഷികതാ സങ്കൽപം രണ്ട് രീതിയിലുള്ള താരതമ്യ വാദങ്ങൾക്ക് ജന്മം നൽകിയിരിക്കുന്നു. 1. മൂലധന വളർച്ചയുടെ ഗുണഭോക്താക്കൾ കൂടിയായിത്തീരാൻ കഴിഞ്ഞ ക്ലാസിക്കൽ വ്യവസായ തൊഴിലാളിയെ കേന്ദ്രത്തിൽ പ്രതിഷ്ഠിക്കുന്ന വർഗ സങ്കൽപവുമായി പുതിയ സന്ദർഭത്തെ അഭിമുഖീകരിക്കാൻ മടിക്കുന്ന പോസ്റ്റ് മാർക്സിസ്റ്റുകാരുടെ സ്വത്വ പ്രതിസന്ധിയാണ് ദാവൂദിനെ പോലെയുള്ളവർ മുന്നോട്ടുവെക്കുന്നത്. ഇതാകട്ടെ ആധുനികത രാക്ഷസവൽക്കരിച്ച ഇതര കർതൃത്വങ്ങളുടെ അരികും ചേർന്ന് നിൽക്കാവുന്ന കേവല സ്വത്വവാദത്തിന്റെ ബഹളങ്ങളിലൊന്നായി ഇസ്‌ലാമിനെ ന്യൂനീകരിക്കുന്നു. ഇത്തരം ന്യൂനീകരണ ശ്രമങ്ങളാവട്ടെ സമകാലിക നാഗരികതയെ മുന്നിൽനിന്ന് നയിക്കുക എന്ന മൗദൂദിയുടെ രാഷ്ട്രീയ സങ്കൽപത്തിൽ നിന്നുള്ള വ്യതിചലനമാണ്.

2. ആധുനികതയുടെ എതിർ സ്വരങ്ങളായോ വിമർശ സ്ഥാനങ്ങളായോ അടയാളപ്പെടുത്താവുന്ന നിലപാടുകളാണ് ഉത്തരാധുനിക സമീക്ഷകർ മുന്നോട്ടുവെക്കുന്നത്. മാർക്സിനെ ആധുനികതയുടെ വക്താവായും ആധുനികതയെ സ്വാംശീകരിച്ച ഇടതുപക്ഷ/ മാർക്സിസ്റ്റ് പ്രസ്ഥാനങ്ങളെയത്രയും സവർണ പ്രത്യയശാസ്ത്രത്തിന്റെ പ്രതിനിധികളായും കണ്ട് സ്വത്വ രാഷ്ട്രീയത്തിൽ അഭയം പ്രാപിക്കുന്ന സമകാലിക ദലിത് വീക്ഷണങ്ങളിൽ ഇത് കാണാനാവും. ആധുനികാനന്തര ചിന്തകളുടെ ഇത്തരം ബഹളങ്ങളോടാവട്ടെ ഏകമുഖമായ നിരാകരണമാണ് ക്ലാസിക്കൽ മാർക്സിസ്റ്റുകൾ വെച്ചുപുലർത്തുന്നതും. ഇങ്ങനെ ആധുനികവും ആധുനികോത്തരവുമായ വ്യവഹാര വടംവലി സമകാലിക പ്രസ്ഥാനങ്ങളിൽ നടക്കുമ്പോൾ ഇത്തരമൊരു പ്രതിസന്ധി ഇസ്‌ലാമിന്റെ ബഹുസംസ്കാര കാലത്തും ഉടലെടുക്കുന്നുണ്ട്. ഇതാകട്ടെ അടിസ്ഥാനപരമായി മൗദൂദിയെ ആധുനികതയുടെ ചട്ടക്കൂടിനുള്ളിൽ തളച്ചിടുന്നതും അക്കാലത്തെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ക്രിയാത്മക വശങ്ങളെ പ്രതിലോമപരമായി ഇകഴ്ത്തികാട്ടുന്നതുമാണ്.

ഉപരിസൂചിത വിമർശനങ്ങൾ ഉത്തരാധുനികതയുടെ സാമ്പ്രദായിക സ്വരബഹുത്വങ്ങളോട് ദാവൂദിന്റെ പ്രബന്ധത്തെ ചേർത്തുവായിക്കുമ്പോൾ പൊട്ടി

മുളക്കുന്നതാണ്. ഇസ്‌ലാം മൗലികതയിൽ ഏകകവും പ്രയോഗത്തിൽ ആപേക്ഷികവുമാണെന്ന യാഥാർഥ്യത്തെ വിസ്മരിച്ചുകൊണ്ടുള്ള സൈദ്ധാന്തിക ജൽപനങ്ങളാണ് ഇവ. കമ്യൂണിസം ഒരു ജീവിത പദ്ധതിയാണെന്ന് പെരുമ്പറ മുഴക്കി സാർവദേശീയമായി ചെഞ്ചായമണിയുമ്പോഴാണ് മൗദൂദി ഇസ്‌ലാമിനെ ജീവിതപദ്ധതിയായി ഉയർത്തിക്കാട്ടുന്നത്. ഇസ്‌ലാമിന്റെ സാമ്പത്തിക വ്യവസ്ഥക്ക് അദ്ദേഹം തിരികൊളുത്തുന്നതും ഇത്തരമൊരു സാമ്പത്തിക സമത്വ ഉദ്‌ഘോഷങ്ങൾക്കു നേരെയാണ്. ഇതിന്റെ അർഥം മൗദൂദി കമ്യൂണിസത്തെയോ കമ്യൂണിസ്റ്റ് സാമ്പത്തിക വ്യവസ്ഥയെയോ കടമെടുത്തു എന്നതല്ലല്ലോ. പ്രയോഗതലത്തിലെ ആപേക്ഷികതകൊണ്ട് ഉപരിപ്ലവമായി വായിക്കുന്നവർക്ക് അത്തരത്തിലും വാദിക്കാം. വാദിച്ചിട്ടുമുണ്ട്. മൗദൂദി ഇസ്‌ലാമിനെ ജീവിത പദ്ധതിയാക്കിയെന്ന് വിമർശിച്ചവർ ഇസ്‌ലാമിനും കമ്യൂണിസത്തിനുമിടയിൽ സാദൃശ്യം കണ്ടെത്തിയവർ തന്നെയായിരുന്നു. ഇത് മഴവിൽ ലോകമെന്ന സമകാലിക പ്രയോഗത്തിനും ബാധകമാണ്. പൊതുസമൂഹത്തിൽ ബഹുസ്വര വായനയുള്ളതുകൊണ്ട് ഇസ്‌ലാമിന്റെ ജൈവ ഗുണമാകുന്ന ബഹുസ്വരത നമുക്ക് കൈമോശം വരാൻ പാടില്ല.

"മതം സംഘർഷങ്ങളുടെ കുരുക്ഷേത്ര ഭൂമികയാണ്. ശിരസ്സറ്റ ഉടലുകളും നിണം തേടുന്ന വേട്ടനായ്ക്കളും മാത്രമേ അവിടെയുള്ളൂ. മതങ്ങൾ പങ്കിട്ടെടുക്കുന്ന യുദ്ധ ലാഭങ്ങളിൽ ഏറിയ പങ്കും കൈക്കലാക്കിയത് ഇസ്‌ലാമുമാണ്." ആധുനിക മതേതര യുക്തി മതത്തെ വായിക്കുമ്പോഴുണ്ടാകുന്ന പിച്ചും പേയുമാണിത്. "ഒട്ടും വികാസക്ഷമമല്ലാത്ത ഒന്നാണ് ഇസ്‌ലാം. കാരണം അതിന്റെ കേന്ദ്രബിന്ദുതന്നെ മരുഭൂമിയിലെ ഇളക്കം തട്ടാത്ത ഒരു ശിലയാണല്ലോ" എന്ന് ആനന്ദ് പരിതപിക്കുന്നുണ്ട്. മറുവശത്താകട്ടെ ഇസ്‌ലാമിന്റെ സംഘർഷ സഹജഭാവത്തെ മാറ്റിനിർത്തി എങ്ങനെ അതിനെ ഇതര സംസ്കാരങ്ങളുമായി സംഗീത മധുരമായി സമന്വയിപ്പിക്കാം എന്ന അന്വേഷണങ്ങളുമാണ്. ഗോവിന്ദവർമ രാജക്കും സുബൈദക്കും വേഴ്ചയിലേർപ്പെടാവുന്ന ഇടങ്ങളായി ബെല്ലാരി കോട്ടയുടെ കൽപടവുകൾ കെ.പി രാമനുണ്ണിയെ പോലുള്ളവർ പതിച്ചു കൊടുക്കുന്നത് അപ്പോഴാണ്.

വൈരുധ്യങ്ങളുടെ മനോഹരമായ സമന്വയം എന്ന ടി. മുഹമ്മദിന്റെ നിരീക്ഷണം സൂക്ഷ്മാർഥത്തിൽ ശരിതന്നെയാണ്. എങ്കിലും ഇസ്‌ലാം മഴവിൽ വർണസമാനമാകുന്നത് വൈരുധ്യങ്ങളെ വൈവിധ്യങ്ങളാക്കി വിന്യസിക്കുമ്പോഴാണ്. മാർക്സിനും ആഡംസ്മിത്തിനും മുതലാളിയും തൊഴിലാളിയും സഹവർത്തിത്വത്തിന്റെ പാലം പണിയാത്ത ഭിന്ന ദ്വന്ദങ്ങളാണ്. ഇസ്‌ലാമിനാകട്ടെ തികവാർന്ന ഒരു നാഗരികതക്കുള്ള ഊടുവെപ്പുകളാണ് ഇവ. പ്രണയത്തെയും ലൈംഗികതയെയും വിവാഹത്തെയും സ്വന്തം നിറക്കൂട്ടിൽ അത് സ്വപ്നം കാണുന്നു. സന്താനോൽപാദനത്തിന് മാത്രമായി ലൈംഗികത സാധൂകരിച്ച ക്രൈസ്തവ ദാമ്പത്യത്തിൽ ഭാര്യാഭർത്താക്കന്മാർക്ക് ശരീര മാത്രമായി അനുഷ്ഠിക്കാനുള്ള കർമമായി ലൈംഗികത പ്രതിഷ്ഠിക്കപ്പെട്ടു. അതിനാൽ അനിവാര്യമായ ഒരു തിന്മ പോലെ സ്ത്രീ-പുരുഷന്മാർ ദാമ്പത്യത്തിൽ അതനുഷ്ഠിച്ച് പോരുന്നു. എന്നാൽ രതിയെ ശാസ്ത്രീയമായി അവതരിപ്പിച്ച കാമസൂത്രം രൂപം കൊണ്ട ഭാരതത്തിലാകട്ടെ ക്ഷേത്രചുമരുകളിൽ രതി ശിൽപങ്ങൾ കൊത്തിവെച്ചു. ഈ ശിൽപങ്ങളിലും രതിയുടെ ആത്മീയ സൗന്ദര്യമല്ല, വൈകൃതങ്ങളാണ് കാണികൾ അനുഭവിച്ചത്. ശരീരമെന്നാൽ ലൈംഗിക അവയവങ്ങൾ മാത്രമാണെന്നാണ് ഇത്തരം രതിശിൽപങ്ങളിൽ കാണുന്നത്. ഇത്തരം വൈകൃതങ്ങളും അതിശയോക്തിയും ഇല്ലാതെതന്നെ ആത്മ ശരീരങ്ങളെ ഒന്നിപ്പിച്ചുകൊണ്ട് സ്ത്രീ-പുരുഷ സമമായ ജീവിതത്തിൽ പൂർണമായ ആനന്ദം നേടാനാകും എന്ന തിരിച്ചറിവാണ് ഇസ്‌ലാമിക വൈവിധ്യങ്ങളുടെ കരുത്ത്.

ആധുനികത പടച്ചുവിട്ട അപരങ്ങളെല്ലാം ദൃശ്യവൽക്കരിക്കപ്പെടുകയും അഭിവാദ്യം ചെയ്യപ്പെടുകയും ചെയ്യുന്ന മാറിയലോകത്ത് ഇസ്‌ലാം സ്വന്തം നിറക്കൂട്ടിൽ ഭൗതികവിമോചനത്തെ സ്വപ്നം കാണുന്നു എന്ന യാഥാർഥ്യം പുനരാലോചനകളുടെ കേന്ദ്രബിന്ദുവാകേണ്ടതുണ്ട്. അതുകൊണ്ട് ആധുനികതയുടെ മൗദൂദി ധൈഷണികതയെ വികസിപ്പിച്ചുകൊണ്ട് മിശ്ര ഭാഷക ലോകത്തിൽ സ്വന്തം പരിസരം കണ്ടെത്താൻ കഴിഞ്ഞാൽ മാത്രമേ ബ്ലാക്ക് ആന്റ് വൈറ്റ് സ്വരൂപത്തിന്റെ പിടിമുറുക്കത്തിൽനിന്ന് പുറത്തുവന്ന് സ്വന്തം ചരിത്ര ദൗത്യം നിറവേറ്റാൻ ഇസ്‌ലാമിക പ്രസ്ഥാനത്തിന് കഴിയുകയുള്ളൂ. ആധുനികതയെ മുതലാളിത്ത കേന്ദ്രിതമായ ബന്ധ വ്യവസ്ഥയായി പരിഗണിച്ചുകൊണ്ടും അതിൽനിന്നുമുള്ള വിഛേദത്തിന്റെ സ്ഥാനങ്ങളിലൊന്നായി മൗദൂദിയുടെ സമരോൽസുകമായ ഇന്നലകളെ അടയാളപ്പെടുത്തിക്കൊണ്ടും നിയോ ലിബറൽ മൂലധനത്തിന്റെ ഗുണഭോക്താക്കളല്ലാത്തവരുടെ വിമോചനത്തെ ലക്ഷ്യംവെക്കുന്നതുമായ ഒന്നായി ഇസ്‌ലാമിനെ വികസിപ്പിച്ചെടുക്കുക എന്നതാണ് നമ്മുടെ വർത്തമാന ദൗത്യം. ഇത് പല ഉത്തരാധുനിക സമീപനങ്ങളിലും തെളിഞ്ഞുകാണാറുള്ള കേവല ആധുനികതാ നിരാസമല്ല താനും. ഇത്തരം വിമർശ പരിപ്രേക്ഷ്യത്തിനും അതിനു പര്യാപ്തമായ വിധത്തിൽ പുനർ നിർവചിക്കപ്പെടുന്ന ഇസ്‌ലാമിനും ആധുനികീകരണത്തിന്റെ ഇതര അപരങ്ങളെയും ഉൾക്കൊള്ളാൻ സാധിക്കേണ്ടതുണ്ട്. ദേശീയ ആധുനികതയുടെ സവർണവും പുരുഷ കേന്ദ്രിതവുമായ പൗര സങ്കൽപം പ്രാന്തവൽക്കരിച്ച മുസ്‌ലിംകൾ ഉൾപ്പെടെയുള്ള ന്യൂനപക്ഷങ്ങൾ, ദലിതുകൾ, ആദിവാസികൾ, സ്ത്രീകൾ എന്നീ കർതൃത്വങ്ങളുടെ സമരമുഖം വികസിപ്പിച്ചെടുക്കുകയാണ് വിമോചകമായ രാഷ്ട്രീയ ഇടപെടലിന്റെ സമകാലിക ദൗത്യം. തീർച്ചയായും ഇത്തരമൊരു ഇടപെടൽ സമകാലീനരായ പോസ്റ്റ് മാർക്സിസ്റ്റുകാരുടെ കേവല തന്മാ വാദങ്ങളെ മറികടക്കുന്നതും തന്മകളുടെ തന്നെ ബഹുത്വത്തെ മാനിക്കുന്നതുമായിരിക്കും. ■